നമ്പർ. സി1/396 /റ്റി സി/2003

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
കേരള തിരുവനന്തപുരം
തീയതി 13.06 .2011.

**സർക്കുലർ നമ്പർ 13 /2011**

വിഷയം:- മോട്ടോർ വാഹന വകുപ്പ്- ഹയർ പർച്ചേസ് എഗ്രിമെന്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ എൻഡോഴ്സ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച് :-

സൂചന:- റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 15.12.2010 — ലെ കത്ത് നമ്പർ, ഡി എൻ ബി എസ്. (റ്റി) നമ്പർ. 668/02.07.008/2010-11.

1988 —ലെ മോട്ടോർ വാഹന നിയമത്തിൽ വകുപ്പ് 51, 1989 — ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ ചട്ടം 60, 61 എന്നിവ പ്രകാരം മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോഴും ഹയർ പർച്ചേസ് എഗ്രിമെന്റുകൾ ടെർമിനേറ്റ് ചെയ്യുമ്പോഴും മോട്ടോർ വാഹന വകുപ്പ് എടുക്കേണ്ട നടപടികൾ വിശദീകരിച്ചിട്ടുണ്ട്. മോട്ടോർ വാഹന നിയമപ്രകാരവും ചട്ടപ്രകാരവും "ഫൈനാൻസിയർ" എന്നു മാത്രമേ നിർവ്വചിക്കുന്നുള്ളു. നിലവിൽ ധാരാളം നോൺ ബാങ്കിംഗ് ഫൈനാൻസിംഗ് കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയും വാഹനം വാങ്ങുന്നവർക്ക് യഥേഷ്ടം വായ്പ നൽകുകയും ചെയ്യുന്നുണ്ട് ഇത്തരം കമ്പനികളുടെ ആധികാരികതയും രജിസ്ട്രേഷനും പരിശോധിക്കാതെ തന്നെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ എൻഡോഴ്സ്മെന്റ് നടത്തിക്കൊടുക്കുകയുംചെയ്യുന്നുണ്ട്. എന്നാൽ ഇതിൽ പല കമ്പനികളും കാലക്രമേണ പൂട്ടി പോകുന്നതും യഥേഷ്ടം മേൽവിലാസം മാറുന്നതും വായ്പ എടുത്ത ഉപഭോക്താക്കൾക്ക് വളരെയധികം ബുദ്ധിമുട്ട് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല വകുപ്പിന്റെ വിവിധ ഓഫീസുകളിൽ നിന്നും ഫൈനാൻസിംഗ് കമ്പനികൾക്ക് അയക്കുന്ന കത്തുകൾ പലതും കൈപ്പറ്റാതെ തിരികെ എത്തുന്നത് മോട്ടോർ വാഹന വകുപ്പിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. ഇതിനെ തുടർന്ന് "ഫൈനാൻസിയർ" ആര് എന്ന കാര്യത്തെപ്പറ്റി റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഉപദേശം തേടുകയും അതനുസരിച്ച് റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ ആക്ട് 1934- ൽ സെക്ഷൻ 45 (1) (സി) പ്രകാരം ഒരു.പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയോ, പബ്ലിക്ക് ലിമിറ്റഡ് കമ്പനിയോ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ 45 (1) (എ) പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയാൽ മാത്രമേ

ഇത്തരത്തിൽ ഫൈനാൻസിംഗ് ബിസിനസ്സ് നടത്തുവാനാക എന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ വാഹന വായ്പ എടുക്കുന്ന ഉപഭോക്താക്കൾക്കും വാഹന വകുപ്പിനും ഉണ്ടാകാവുന്ന മേൽപറഞ്ഞ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ വേണ്ടി, മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ .ചെയ്യുന്ന സമയത്തും ഹയർ പർച്ചേസ് എഗ്രിമെന്റുകൾ എൻഡോഴ്സ് ചെയ്യുമ്പോഴും പഴയ വാഹനങ്ങളിൽ പുതിയ ഹൈപ്പോത്തിക്കേഷൻ എഗ്രിമെന്റ് എൻഡോഴ്സ് ചെയ്യുമ്പോഴും നോൺ ബാങ്കിംഗ് ഫൈനാൻസിയർക്ക് റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ ആക്റ്റ് 45 (1) (എ) പ്രകാരം നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് ഓഫ് രജിസ്ട്രേഷന്റെ കോപ്പി കൂടി നൽകുവാൻ ആവശ്യപ്പെടേണ്ടതാണ്. ഇത് ഉണ്ടെങ്കിൽ മാത്രമേ തുടർന്നുള്ള ഇത്തരം എൻഡോഴ്സ്മെന്റുകൾ നടത്താവൂ. എന്നാൽ നിലവിൽ ഹൈപോത്തിക്കേഷൻ ഉള്ള ഒരു വാഹനം ഹൈപോത്തിക്കേഷൻ നിലനിർത്തിക്കൊണ്ട് ഉടമസ്ഥാവകാശം മാറ്റി കൊടുക്കുമ്പോൾ മേൽ പറഞ്ഞ സർട്ടിഫിക്കറ്റ് നിർബന്ധമാക്കേണ്ടതില്ല. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ –യിൽ നിന്നും ഇക്കാര്യത്തിൽ ലഭിച്ച നിർദ്ദേശങ്ങളുടെ ഒരു പകർപ്പും ഇതോടൊപ്പം അയക്കുന്നുണ്ട്. നിലവിൽ ബാങ്കിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മേൽ പറഞ്ഞ നിബന്ധനകൾ ബാധകമല്ല എന്നും അറിയിക്കുന്നു. മേൽ നിബന്ധനകൾ 01.07.2011 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ.

പകർപ്പ്:- എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സി.എ. റ്റു. ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &സെക്രട്ടറി,എസ്.റ്റി.എ., സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ), സീനിയർ അഡ്മിനിസ്ട്രേറ്റീവ്ഓഫീസർ/ സീനിയർ ഫിനാൻസ് ഓഫീസർ സീനിയർലാ ഓഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ അസി. ട്രാൻസ്പോർട്ട് കമ്മീഷണർ , അസി. സെക്രട്ടറി, എസ്. റ്റി. എ.,

അംഗീകാരത്തോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ),

भारतीय रिज़र्व बैंक

RESERVE BANK OF INDIA

www.rbi.org.in

DNBS.(T) No. **668** /02.07.008/2010-11 December 15, 2010

The Transport Commissioner
Transport Commissionerate
Trans Towers
Thiruvananthapuram

Dear Sir,

**Motor Vehicles Department – Registration of private financing institutions under Section 45IA of the RBI Act, 1934 - clarification**

With reference to your letter No.C1/396/TC/2003 dated December 2, 2010 on the above subject, we advise that all the financial institutions as defined under Section 45I (c) of RBI Act, 1934 (including hire purchase companies) registered as a Company (either private or public limited) under Companies Act, 1956 have to apply for a Certificate of Registration under Section 45IA of RBI Act, 1934 without which they can not commence/carry on the business as a Non-Banking Financial Company. Contravention of this provision is liable for penal action as provided for under Section 58B(4A) of the RBI Act which includes fine and imprisonment. A list of all registered NBFCs is available on the website of the Bank at www.rbi.org.in

Yours faithfully,

(R.Rajamani)
Assistant General Manager

गैर-बैंकिंग पर्यवेक्षण विभाग, बेकरी जंक्शन पोस्ट बाक्स सं: 6507, तिरुवनंतपुरम - 695 033.
टेलीफोन: 0471-2338818,फैक्स:0471-2338818. ई-मेल: dnbsthiro@rbi.org.in
Department of Non - Banking Supervision, Bakery Junction, PB No. 6507,
Thiruvananthapuram - 695 033
Tel No:0471 - 2338818 Fax No:0471 - 2338818
email: dnbsthiro@rbi.org.in